**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2445** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഉത്സവകാല വിപണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഉത്സവ സീസണുകളിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാ വർഷവും ഓണം, ക്രിസ്തുമസ്-പുതുവത്സരം, വിഷു-ഈസ്റ്റർ-ഈദ്-ഉൽ ഫിതർ തുടങ്ങിയ ഉത്സവ സീസണുകളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സർക്കാർ ഫെയറുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>ഉത്സവ സീസണുകളിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും വിപണി ഇടപെടൽ ശക്തിപ്പെടുത്തുന്നതിനും അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സിവിൽ സപ്ലൈസ് കോർപറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1633 ഓളം വരുന്ന ഔട്ട് ലെറ്റുകളിലേക്ക് രണ്ടര മാസത്തേക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഡിപ്പോയിൽ നിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ പര്യാപ്തത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ/ഇ-ഓക്ഷൻ/നാഫെഡ് മുഖേന അരി, പഞ്ചസാര ഉൾപ്പെടെയുള്ള പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വിൽപനശാലകളിലൂടെ വിൽപന നടത്തുന്നുണ്ട്. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോട് കൂടിയ ഇ-ടെണ്ടർ മുഖാന്തിരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്തുവാൻ സാധിക്കുന്നു. രാജ്യത്തെ പ്രമുഖ ഉല്പാദക സംസ്ഥാനങ്ങളിലുള്ള വിതരണക്കാർ നേരിട്ട് സപ്ലൈകോ മാസം തോറും നടത്തുന്ന ഇ-ടെണ്ടർ/ഇ-ഓക്ഷനിൽ പങ്കെടുക്കുന്നുണ്ട്. ഇപ്രകാരം 65 ഓളം വിതരണക്കാരും കൂടാതെ പ്രാദേശിക വിതരണക്കാരും പങ്കെടുക്കുന്നതിനാൽ കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ പലവ്യഞ്ജനങ്ങൾ സപ്ലൈകോയ്ക്ക് വാങ്ങുവാൻ |

കഴിയുന്നുണ്ട്. എല്ലാ മാസവും സമയബന്ധിതമായി നിത്യോപയോഗ സാധനങ്ങളുടെ പർച്ചേസ് നടത്തുന്നതിനാൽ എല്ലാ ഔട്ട് ലെറ്റുകളിലും ഇവയുടെ ലഭ്യത കുറഞ്ഞ വിലയ്ക്ക് ഉറപ്പുവരുത്തുവാൻ കഴിയുന്നു. ഓണക്കാലത്ത് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ താഴെ പറയുന്ന അളവിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പയർ വർഗ്ഗങ്ങൾ - 66000 ക്വിന്റൽ

2) പഞ്ചസാര - 58000 ക്വിന്റൽ

3) അരി - 181000 ക്വിന്റൽ

ഈ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 18/08/2023 മുതൽ 28/08/2023 വരെയുള്ള കാലയളവിൽ വിപുലമായ തോതിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.

ഇത്തവണ ഉപഭോക്തൃ സൗകര്യാർത്ഥം ജർമ്മൻ ഹാങ്കറുകൾ ഉപയോഗിച്ച് നിർമ്മിച്ച, എയർ കണ്ടീഷൻ ചെയ്ത ഷെഡുകളിലാണ് ജില്ലാ ഫെയറുകൾ സംഘടിപ്പിച്ചത്. ഇതിൽ പ്രത്യേകം ഡിസൈൻ ചെയ്ത കൗണ്ടറുകളും റാക്കുകളും സജ്ജീകരിച്ചിരുന്നു. ടി കൗണ്ടറുകളിൽ QR Code, EPOS Machines എന്നിവയും സജ്ജീകരിച്ചിരുന്നു. FMCG ഉല്പന്നങ്ങൾക്കും ശബരി ഉല്പന്നങ്ങൾക്കും സാധാരണ ഡിസ്കൗണ്ടിനു പുറമേ വലിയ ഓഫറുകളും ഓണം ജില്ലാ ഫെയറുകളിൽ ലഭ്യമാക്കിയിരുന്നു. ജനപ്രിയ ബ്രാൻഡുകൾക്ക് വൻ ഓഫറുകൾ നൽകിയിരുന്നു. പൊതുജനങ്ങൾക്കിടയിൽ ഈ ആധുനിക രീതിയിലുള്ള ജില്ലാ ഫെയറുകൾക്ക് വൻ സ്വീകാര്യതയാണ് ലഭിച്ചത്.

എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ മാത്രം ടി ചുരുങ്ങിയ കാലയളവിൽ ഏകദേശം 6.28 കോടി രൂപയുടെ വില്പന നടന്നു. മുൻ വർഷം ഇത് 2.64 കോടി രൂപ മാത്രമായിരുന്നു. ഈ ഓണക്കാലത്ത് സപ്ലൈകോ ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന്

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വാങ്ങുന്നതിന് സാധിച്ചു. |
| (ബി) | സപ്ലൈകോ വിൽപ്പനശാലകളിൽ ഉത്സവകാല വിപണികൾക്കായി ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | എല്ലാ വർഷവും ഓണം, ക്രിസ്തുമസ്–പുതുവത്സരം, വിഷു-ഈസ്റ്റർ-ഈദ്-ഉൽ ഫിതർ തുടങ്ങിയ ഉത്സവ സീസണുകളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സർക്കാർ ഫെയറുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>ഉത്സവ സീസണുകളിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും വിപണി ഇടപെടൽ ശക്തിപ്പെടുത്തുന്നതിനും അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സിവിൽ സപ്ലൈസ് കോർപറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1633 ഓളം വരുന്ന ഔട്ട് ലെറ്റുകളിലേക്ക് രണ്ടര മാസത്തേക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഡിപ്പോയിൽ നിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ പര്യാപ്തത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ/ഇ-ഓക്ഷൻ/നാഫെഡ് മുഖേന അരി, പഞ്ചസാര ഉൾപ്പെടെയുള്ള പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വിൽപനശാലകളിലൂടെ വിൽപന നടത്തുന്നുണ്ട്. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോട് കൂടിയ ഇ-ടെണ്ടർ മുഖാന്തിരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്തുവാൻ സാധിക്കുന്നു. രാജ്യത്തെ പ്രമുഖ ഉല്പാദക സംസ്ഥാനങ്ങളിലുള്ള വിതരണക്കാർ നേരിട്ട് സപ്ലൈകോ മാസം തോറും നടത്തുന്ന ഇ-ടെണ്ടർ/ഇ-ഓക്ഷനിൽ പങ്കെടുക്കുന്നുണ്ട്. ഇപ്രകാരം 65 ഓളം വിതരണക്കാരും കൂടാതെ പ്രാദേശിക വിതരണക്കാരും പങ്കെടുക്കുന്നതിനാൽ കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ പലവ്യഞ്ജനങ്ങൾ സപ്ലൈകോയ്ക്ക് വാങ്ങുവാൻ കഴിയുന്നുണ്ട്. എല്ലാ മാസവും സമയബന്ധിതമായി നിത്യോപയോഗ സാധനങ്ങളുടെ പർചേസ് നടത്തുന്നതിനാൽ എല്ലാ ഔട്ട് ലെറ്റുകളിലും ഇവയുടെ ലഭ്യത കുറഞ്ഞ വിലയ്ക്ക് ഉറപ്പുവരുത്തുവാൻ കഴിയുന്നു. ഓണക്കാലത്ത് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ താഴെ പറയുന്ന അളവിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ സംഭരിച്ചു വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) പയർ വർഗ്ഗങ്ങൾ - 66000 ക്വിന്റൽ |

| | | | |
|---|---|---|---|
| | | | 2) പഞ്ചസാര - 58000 ക്വിന്റൽ<br><br>3) അരി - 181000 ക്വിന്റൽ<br><br>ഈ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 18/08/2023 മുതൽ 28/08/2023 വരെയുള്ള കാലയളവിൽ വിപുലമായ തോതിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി.<br><br>ഇത്തവണ ഉപഭോക്തൃ സൗകര്യാർത്ഥം ജർമ്മൻ ഹാങ്കറുകൾ ഉപയോഗിച്ച് നിർമ്മിച്ച, എയർ കണ്ടീഷൻ ചെയ്ത ഷെഡുകളിലാണ് ജില്ലാ ഫെയറുകൾ സംഘടിപ്പിച്ചത്. ഇതിൽ പ്രത്യേകം ഡിസൈൻ ചെയ്ത കൗണ്ടറുകളും റാക്കുകളും സജ്ജീകരിച്ചിരുന്നു. ടി കൗണ്ടറുകളിൽ QR Code, EPOS Machines എന്നിവയും സജ്ജീകരിച്ചിരുന്നു. FMCG ഉല്പന്നങ്ങൾക്കും ശബരി ഉല്പന്നങ്ങൾക്കും സാധാരണ ഡിസ്കൗണ്ടിനു പുറമേ വലിയ ഓഫറുകളും ഓണം ജില്ലാ ഫെയറുകളിൽ ലഭ്യമാക്കിയിരുന്നു. ജനപ്രിയ ബ്രാൻഡുകൾക്ക് വൻ ഓഫറുകൾ നൽകിയിരുന്നു. പൊതുജനങ്ങൾക്കിടയിൽ ഈ ആധുനിക രീതിയിലുള്ള ജില്ലാ ഫെയറുകൾക്ക് വൻ സ്വീകാര്യതയാണ് ലഭിച്ചത്.<br><br>എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ മാത്രം ടി ചുരുങ്ങിയ കാലയളവിൽ ഏകദേശം 6.28 കോടി രൂപയുടെ വില്പന നടന്നു. മുൻ വർഷം ഇത് 2.64 കോടി രൂപ മാത്രമായിരുന്നു. ഈ ഓണക്കാലത്ത് സപ്ലൈകോ ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വാങ്ങുന്നതിന് സാധിച്ചു. |
| (സി) | മുൻവർഷങ്ങളിലേതു പോലെ സഞ്ചരിക്കുന്ന മാവേലി വിൽപ്പനശാലകൾ ക്രമീകരിച്ചിട്ടുണ്ടോ? | (സി) | സപ്ലൈകോ 20 മൊബൈൽ മാവേലി വാഹനങ്ങളിലൂടെ സംസ്ഥാനത്തുടനീളം ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തുന്നുണ്ട്. റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ 13 അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിലും മറ്റു പലചരക്ക് സാധനങ്ങൾ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി ന്യായമായ നിരക്കിലും നൽകി വരുന്നു. മാവേലി സ്റ്റോറുകൾ കുറവായ മേഖല, പ്രളയ ബാധിതമേഖല, തീരപ്രദേശങ്ങൾ, മലയോര ആദിവാസി മേഖലകൾ എന്നിവിടങ്ങളിലാണ് |

| | | | |
|---|---|---|---|
| | | | മൊബൈൽ മാവേലികൾ കൂടുതലും പ്രവർത്തിക്കുന്നത്. ആവശ്യമായ ഘട്ടത്തിൽ വാഹനങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ മൊബൈൽ മാവേലി സർവീസുകൾ ആരംഭിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ